പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4586

20-10-2011-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. ശർമ്മ<br>ശ്രീ. എ.എം.ആരിഫ്<br>ശ്രീ. ജി.സുധാകരൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ(തൃക്കരിപ്പൂർ) | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) ഇതിനകം എത്ര മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകി എന്നു വ്യക്തമാക്കാമോ ; | എ) മത്സ്യത്തൊഴിലാളികൾക്കുള്ള കടാശ്വാസം മത്സ്യഫെഡ്, രജിസ്ട്രാർ, സഹകരണ വകുപ്പ് വഴിയാണ് നൽകിവരുന്നത്. ഇതിൽ മത്സ്യഫെഡ് വഴി 421 സംഘങ്ങളിലെ 20012 ഗ്രൂപ്പുകളിലായുള്ള 48355 ഗുണഭോക്താക്കൾക്കും ഭവനനിർമ്മാണത്തിനായി മത്സ്യത്തൊഴിലാളികൾ എടുത്തിട്ടുള്ള വായ്പക്ക് 9891 മത്സ്യത്തൊഴിലാളികൾക്കും രണ്ടാം ഘട്ടത്തിൽ 245 സംഘങ്ങളിലെ 8445 മത്സ്യത്തൊഴിലാളികൾക്കും സുനാമി പുനരധിവാസ പദ്ധതി പ്രകാരം 282 സംഘങ്ങളിലെ തനത് ഫണ്ടിൽ നിന്നും 18623 പേർക്കും കടാശ്വാസം അനുവദിച്ച് നൽകിയിട്ടുണ്ട്. സഹകരണ വകുപ്പ് വഴി വിതരണം ചെയ്ത ഗുണഭോക്താക്കളുടെ എണ്ണം ശേഖരിച്ചു വരുന്നു. |
| ബി) തന്നാണ്ടിൽ കടാശ്വാസ വിഹിതമായി വകയിരുത്തപ്പെട്ട തുക എത്രയെന്നു വ്യക്തമാക്കുമോ ; | ബി) തന്നാണ്ടിൽ കടാശ്വാസ വിഹിതമായി 8 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. |
| സി) മത്സ്യത്തൊഴിലാളികൾക്കുള്ളതായി കണക്കാക്കപ്പെട്ട മൊത്തം കട ബാദ്ധ്യത എത്ര കോടിയുടേതാണെന്ന് വ്യക്തമാക്കാമോ ? | സി) 31.12.2007 വരെയുള്ള കടങ്ങളിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളവരിൽ നിന്നും ലഭിച്ച അപേക്ഷകളുടെ പ്രാഥമിക പരിശോധനയിൽ ഏകദേശം 865 കോടി രൂപയുടെ കടബ്യാപ്തി ഉള്ളതായി കണക്കാക്കുന്നു. |

സെക്ഷൻ ഓഫീസർ